**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** 01.12.2015 ൽ മറുപടിയ്ക്ക്
**ചോദ്യം നം. 500**

## കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എം.മാണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) സംസ്ഥാനത്തെ വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങളെ സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി. പദ്ധതി എന്നിവയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനം അനുവദിച്ചും, ഓഫീസ് കെട്ടിക വിപുലീകരണം, ആധുനികവൽക്കരണം, നവീകരണം, സ്റ്റോറാംങ്ങ്റും, ക്യാഷ് കൗണ്ടർ, ലോക്കർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ഗോഡൗണുകൾ നിർമ്മിക്കുന്നിതിനും മറ്റ് സാമൂഹ്യ ആരോഗ്യ സേവന രംഗത്ത് ഇടപെടലുകൾക്കുമായി സംസ്ഥാന പദ്ധതിയിലും എൻ.സി.ഡി.സി. യിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്.<br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം നൽകി പുനരുദ്ധരിച്ചു വരുന്നു. ഇതിനുപുറമെ സംസ്ഥാന സഹകരണ വികസന ബോർഡിന്റെ നിയന്ത്രണത്തിലുള്ള വികസന ക്ഷേമനിധി ഫണ്ടിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ |

വായ്പ ലഭ്യമാക്കിയും സംഘത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്തിയും പുനരുദ്ധാരണവും ആയതിന്റെ ഫലത്തിൽ ശക്തിപ്പെടുത്തലും നടത്തി വരുന്നു.

സ്കൂൾ/സർവകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്ത സഹകരണ സ്റ്റോറുകൾ, ദുർബല വനിതാ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം ഉൾപ്പെടെയുള്ള സംഘങ്ങളുടെയും, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെയും പുനരുദ്ധാരണത്തിന് സംസ്ഥാന പദ്ധതിയിൻകീഴിൽ ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സഹകരണ മേഖലയിലെ ദുർബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും വിപണന സംസ്കരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും തദ്വാര സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും എൻ.സി.ഡി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നുണ്ട്.

കൂടാതെ കമ്പ്യൂട്ടർവൽക്കരണം, കോർബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം തുടങ്ങിയ ആധുനിക വത്കരണ പദ്ധതികൾ നടപ്പാക്കിയും, ഫാർമേഴ്സ് സർവീസ് സെന്ററുകൾ, Soil Testing Lab കൾ, നഴ്സറികൾ, Tissue Culture Lab കൾ, മെഡിക്കൽ ലാബുകൾ തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കി സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ധനസഹായം നൽകി വരുന്നു.

നിക്ഷേപ രംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സഹകരണ സംഘങ്ങളെയും കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ ഉൾപ്പെടുത്തുന്നതിനും, കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയും, ആർബിട്രേഷൻ,

എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കിയും 'ആശ്വാസ്,' പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി കുടിശ്ശിക കുറച്ചും, ഉണർവ് പദ്ധതി നടപ്പിലാക്കി ഓഡിറ്റിൽ തടഞ്ഞ തുകകൾ ക്രമീകരിച്ചും, ഓഡിറ്റ് കാലാനുസൃതമാക്കുന്നതിനും കേരള സഹകരണ നിയമം/ചട്ടത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയും സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഇതു മൂലം എത്ര താലൂക്കുകളിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് വികസനം ഉണ്ടായിട്ടുണ്ട്;അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്തെ മുഴുവൻ താലൂക്കുകളിലെയും സഹകരണ പ്രസ്ഥാനങ്ങൾക്ക് വികസനം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ